(ബി) എന്നാണ് ബോർഡ് ഇവരെ വിട്ടയയ്ക്കാൻ ശുപാർശ ചെയ്തത് ;

(സി) വിട്ടയയ്ക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്ത തടവുകാർ ആരൊക്കെയാണ് ;

(ഡി) ഇവരെ വിട്ടയയ്ക്കാൻ കാലതാമസം ഉണ്ടാകുമോ ; എങ്കിൽ എന്തുകൊണ്ട് ;

(ഇ) ഇല്ലെങ്കിൽ ഇവരെ എന്നേക്ക് വിട്ടയയ്ക്കും ?

ഉത്തരം

(എ) 37 തടവുകാർ.

(ബി) 2-8-1986.

(സി) ശുപാർശ ചെയ്ത തടവുകാരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി, ഇ) അഡ്വൈസറി കമ്മിറ്റിയുടെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

1503. [2257] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുസൈഡിലെ സൈൻബോർഡുകളിൽ സിനിമാപരസ്യങ്ങളും മറ്റും ഒട്ടിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയാൻ കർശന നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡുസൈഡിലെ സൈൻബോർഡുകളിൽ പരസ്യങ്ങൾ പതിക്കുന്നത് പോലീസ് ആക്ടിന്റെ 46-ാം വകുപ്പുപ്രകാരം കുറ്റകരമാണ്. വകുപ്പുപ്രകാരം നടപടി എടുത്തുവരുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ പ്രാതിനിധ്യം

1504. [2258] ശ്രീ. ബെന്നി ബഹനാൻ :

,, എം. എം. ഹസ്സൻ :

,, ജി. കാർത്തികേയൻ :

,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ പ്രാതിനിധ്യം നിശ്ചിതതോതിൽ കുറവുള്ള വകുപ്പുകളിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) അതിൽ ഗസറ്റഡ് എത്ര; നോൺ ഗസറ്റഡ് എത്ര ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിന് 3245 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) 331.

2914.

† അനുബന്ധം V.

LIBRARY ARCHIVES Kerala Legislative Assembly